ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 30.01.2025**

## പ്രധാന വാർത്തകൾ

**TIME : 07.25 PM**

1. പാർലമെന്റിന്റെ  ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കം. സമ്മേളനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ സർവകക്ഷി യോഗം ചേർന്നു.

   **The budget session of Parliament begins tomorrow. An all-party meeting was held in New Delhi ahead of the session.**

2. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് ശനിയാഴ്ച; കേരളത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രതീക്ഷിക്കുന്നതായി ധനമന്ത്രി കെ. എൻ ബാലഗോപാൽ.

   **The Union Budget for the financial year 2025-26 is expected on Saturday; State Finance Minister K. N. Balagopal expects a special economic package for Kerala.**

3. ഇന്ത്യ താമസിയാതെ സ്വന്തം അടിസ്ഥാന എ ഐ മാതൃക സൃഷ്ടിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav says that India will soon create its own basic AI model.**

4. യുഎസിൽ യാത്രാ വിമാനം, സൈനിക ഹെലികോപ്റ്ററുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണസംഖ്യ 30 ആയി.

   **The death toll in the collision of a passenger plane with a military helicopter in the US has reached 30.**

5. 38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ട സ്വർണം. നീന്തലിൽ ഹർഷിതാ ജയറാമും, ഭാരോദ്വഹനത്തിൽ സുഫ്ന ജാസ്മിനും സ്വർണം നേടി.

**Kerala won double gold medals at the 38th National Games. Harshita Jayaram won gold in swimming, and Sufna Jasmin in weightlifting.**

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്- ചെന്നൈയിൻ എഫ്.സി പോരാട്ടം.

**In ISL Football, Chennaiyin FC – Kerala Blasters match today.**

*************************************

## JPC

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപതി മുർമു ഇരു സഭകളേയും അഭിസംബോധന ചെയ്യും. രാഷ്ട്രപതിയുടെ പ്രസംഗത്തിനുശേഷം, 2024-25 കാലയളവിലെ സാമ്പത്തിക സർവേ റിപ്പോർട്ട് ധനമന്ത്രി നിർമ്മല സീതാരാമൻ പാർലമെൻറിൻറെ മേശപ്പുറത്ത് വയ്ക്കും.

******************************

## ALL PARTY MEETING

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ സർവകക്ഷിയോഗം ചേർന്നു. പാർലമെന്റ് സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം സർക്കാർ യോഗത്തിൽ അഭ്യർത്ഥിച്ചു. സമ്മേളന സെഷനിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിൻമേലുള്ള ചർച്ചകളും ബജറ്റിനെക്കുറിച്ചുള്ള ചർച്ചകളും നടക്കുമെന്ന് യോഗത്തിന് ശേഷം പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

ബജറ്റിൻമേലുള്ള ചർച്ചകൾ ഫെബ്രുവരി 13 വരെ തുടരും. സമ്മേളന കാലയളവിൽ പരിഗണിക്കാനായി 16 ബില്ലുകൾ ഇതിനകം സഭയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

*******************************

## KN BALAGOPAL (INTRO)

കേന്ദ്രബജറ്റിൽ കേരളത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രതീക്ഷിക്കുന്നതായി ധനമന്ത്രി കെ. എൻ ബാലഗോപാൽ. വയനാടിനും, വിഴിഞ്ഞത്തിനും പ്രത്യേക സാമ്പത്തിക പാക്കേജും സംസ്ഥാനം പ്രതീക്ഷിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനുള്ള മൂലധന നിക്ഷേപ പദ്ധതികളും, തൊഴിൽ പദ്ധതികളും ബജറ്റിൽ ഉൾപ്പെടുത്തണമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനങ്ങളുടെ വായ്പാ പരിധി ഉയർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

(ഹോൾഡ് വോയിസ്)

*******************************

## JPC-WAQF

വഖഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച സംയുക്ത പാർലമെന്റ് സമിതിയുടെ റിപ്പോർട്ട് ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് കൈമാറി. ജെപിസി അധ്യക്ഷൻ ജഗദംബിക പാൽ പാർലമെൻറിലെത്തിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. ബില്ലുമായി ബന്ധപ്പെട്ട 14 വ്യവസ്ഥകളിൽ സമിതി ഭേദഗതികൾ അംഗീകരിച്ചതായി അദ്ദഹം പറഞ്ഞു.

*******************************

## VAISHNAW-AI

വരും മാസങ്ങളിൽ ഇന്ത്യ സ്വന്തമായി അടിസ്ഥാന എഐ മാതൃക സൃഷ്ടിക്കുമെന്ന് ഇലക്ട്രോണിക്സ്, ഐടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ത്യയുടെ അടിസ്ഥാന മാതൃകയ്ക്ക് ലോകത്തിലെ ഏറ്റവും മികച്ച മോഡലുമായി മത്സരിക്കാൻ കഴിയുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ സ്വന്തം എഐ മോഡൽ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്ന ചട്ടക്കൂട് സൃഷ്ടിച്ചിട്ടുണ്ടെന്നും രാജ്യത്ത് ഒരു എഐ സുരക്ഷാ സ്ഥാപനം സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

******************************

## DELHI ELECTION

ഡൽഹിയിൽ അടുത്ത മാസം അഞ്ചിന് നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. ബിജെപി, ആം ആദ്മി, കോൺഗ്രസ് പാർട്ടികളുടെ മുൻനിര നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് റാലികൾ അഭിസംബോധനം ചെയ്തു. ആം ആദ്മി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാളും സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവും നോർത്ത് വെസ്റ്റ് ഡൽഹിയിൽ റോഡ് ഷോയിൽ പങ്കെടുത്തു.

******************************

## ECI-KEJRIWAL

യമുന നദിയിൽ വിഷം കലർത്തി എന്ന ആരോപണത്തിൽ, ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാൾ നാളെ വിശദമായ മറുപടി സമർപ്പിക്കാൻ നിർദ്ദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. ബിജെപി നേതൃത്വത്തിലുള്ള ഹരിയാന സർക്കാർ യമുന നദിയിൽ

വിഷം കലർത്തിയതായ ആരോപണം സാധൂകരിക്കുന്ന വിധമുള്ള വിശദീകരണം നൽകണമെന്നാണ് നിർദ്ദേശം.

*******************************

## MAHAKUMBH, CS DGP

കുംഭമേളക്കിടെ തിക്കിലും തിരക്കിലും അപകടം ഉണ്ടായ സാഹചര്യത്തിൽ, സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യുന്നതിനായി ഉത്തർപ്രദേശ് ചീഫ് സെക്രട്ടറിയും പൊലീസ് മേധാവിയും പ്രയാഗ്‌രാജ് സന്ദർശിച്ചു. സംഭവം അന്വേഷിക്കുന്നതിന് ഉത്തർ പ്രദേശ് സർക്കാർ നിയോഗിച്ച മൂന്നംഗ ജുഡീഷ്യൽ കമ്മീഷൻ നാളെ സംഗം ഘട്ട് സന്ദർശിക്കും. സംഭവത്തിന്റെ കാരണവും സാഹചര്യവും കമ്മീഷൻ അന്വേഷിക്കുകയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യും.

*******************************

## MAHAKUMBH - SECURITY ARRANGEMENTS

പ്രയാഗ്‌രാജിലെ മഹാകുംഭ മേള പ്രദേശത്ത് ഏർപ്പെടുത്തിയിരുന്ന വാഹന നിരോധനം അടുത്തമാസം നാല് 4 വരെ ദീർഘിപ്പിച്ചു. ഈ കാലയളവിൽ അവശ്യ സർവീസ് വാഹനങ്ങൾക്ക് മാത്രമേ മേള പ്രദേശത്ത് പ്രവേശനം അനുവദിക്കുകയുള്ളൂവെന്ന് അധികൃതർ അറിയിച്ചു.

*******************************

## RAILWAYS-ASHWINI VAISHNAW (INTRO)

ഇന്നലെ മൗനി അമാവാസി ദിനത്തിലെ മഹാ കുംഭമേളയിൽ പങ്കെടുത്ത ഭക്തരുടെ മടക്കയാത്രയ്ക്കായി രാത്രി മുഴുവൻ 364 ട്രെയിനുകൾ തുടർച്ചയായി സർവീസ് നടത്തിയതായി കേന്ദ്ര

റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. റെയിൽവേയുടെ മുഴുവൻ സംവിധാനവും സംസ്ഥാന സർക്കാരുമായി ഏകോപിപ്പിച്ചാണ് പ്രവർത്തിച്ചതെന്നും 12 ലക്ഷത്തോളം ഭക്തരെ ഈ ട്രെയിനുകളിൽ അവരവരുടെ സ്വദേശങ്ങളിൽ എത്തിച്ചതായും ശ്രീ വൈഷ്ണവ് അറിയിച്ചു.

(ഹോൾഡ് വോയിസ്)

*******************************

## REV. US-PLANE

യുഎസിൽ യാത്രാ വിമാനം, സൈനിക ഹെലികോപ്റ്ററുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 30 മരണം സ്ഥിരീകരിച്ചു. യാത്രാവിമാനത്തിൽ 64 പേരും ഹെലികോപ്റ്ററിൽ 3 സൈനികരുമാണ് ഉണ്ടായിരുന്നത്. യാത്രാ വിമാനം പൊട്ടോമാക് നദിക്ക് മുകളിലൂടെ റീഗൻ നാഷണൽ എയർപോർട്ടിന്റെ റൺവേയിലേക്ക് പ്രവേശിക്കാൻ തുടങ്ങുമ്പോഴായിരുന്നു അപകടം. കൂട്ടിയിടിയുടെ ആഘാതത്തിൽ വിമാനം നദിയിലേക്ക് പതിക്കുകയായിരുന്നു. തിരച്ചിലും രക്ഷാപ്രവർത്തനവും പുരോഗമിക്കുകയാണ്. സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രതികരിച്ചു.

*******************************

## NATIONAL GAMES

38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ട സ്വർണം. നീന്തൽ 200 മീറ്റർ ബ്രെസ്റ്റ്-സ്ട്രോക്കിൽ ഹർഷിതാ ജയറാമും, 45 കിലോഗ്രാം ഭാരോദ്വഹനത്തിൽ സുഫ്ന ജാസ്മിനുമാണ് കേരളത്തിനായി ഇന്ന് സുവർണ നേട്ടം

സമ്മാനിച്ചത്. റഗ്ബിയിലും, വോളിബോളിലും കേരളത്തിന്റെ വനിതാ, പുരുഷ ടീമുകൾ  ക്വാർട്ടറിൽ കടന്നു. ഖോ-ഖോ പുരുഷ വിഭാഗത്തിൽ ഉത്തരാഖണ്ഡിനെയും, ഫുട്ബോളിൽ മണിപ്പൂരിനെയും കേരളം പരാജയപ്പെടുത്തി.  പോയിന്റ് പട്ടികയിൽ 7-ാം  സ്ഥാനത്താണ് കേരളം.

*******************************

# I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്- ചെന്നൈയിൻ എഫ്.സി പോരാട്ടം. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

*******************************

# RENJI TROPHY

രഞ്ജി ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ഒന്നാം ഇന്നിങ്സിൽ ബിഹാറിനെതിരെ കേരളം ഭേദപ്പെട്ട നിലയിൽ. ആദ്യ ദിനം കളി അവസാനിക്കുമ്പോൾ കേരളം 9 വിക്കറ്റ് നഷ്ടത്തിൽ 302 റൺസ് എന്ന നിലയിലാണ്. ടോസ് നേടിയ കേരളം ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു. സൽമാൻ നിസാറിന്റെ സെഞ്ച്വറി മികവിലാണ് കേരളം സ്കോർ 300 കടത്തിയത്. തിരുവനന്തപുരം ഗ്രീൻ ഫിൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

*******************************

# EVE. BADMINTON-THAILAND MASTERS

ബാങ്കോക്കിൽ നടക്കുന്ന തായ്ലൻഡ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിലെ പുരുഷ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത്, ശങ്കർ സുബ്രഹ്മണ്യൻ എന്നിവർ ക്വാർട്ടർ ഫൈനലിൽ കടന്നു.

ഹോങ്കോങ്ങിന്റെ ജേസൺ ഗുണവനെ 21-19, 21-15 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് ശ്രീകാന്തിന്റെ മുന്നേറ്റം. ഇന്തോനേഷ്യൻ താരത്തെ 9-21, 21-10, 21-17 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് സുബ്രഹ്മണ്യൻ ക്വാർട്ടറിൽ പ്രവേശിച്ചത്.

******************************

## PM-GANDHI

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാം രക്തസാക്ഷിത്വ ദിനത്തിൽ രാജ്യത്തിന്റെ സ്മരണാഞ്ജലി. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയ പ്രമുഖ നേതാക്കൾ ഗാന്ധി സമാധിയിൽ പുഷ്പചക്രം അർപ്പിച്ചു. ഗാന്ധിജിയുടെ ആദർശങ്ങൾ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ ജനങ്ങളെ പ്രചോദിപ്പിക്കുന്നതായി പ്രധാനമന്ത്രി അനുസ്മരണ സന്ദേശത്തിൽ കുറിച്ചു. ദേശീയ പ്രസ്ഥാനത്തെ സാമ്രാജ്യത്വ വിരുദ്ധതയിലും മതേതരത്വത്തിലും അടിയുറപ്പിച്ചു നിർത്താൻ ഗാന്ധിജിക്ക് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

******************************

## K RAJAN

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ സഹായത്തിന് അർഹരായ ഗുണഭോക്താക്കളുടെ ആദ്യപട്ടിക രണ്ടാഴ്ചക്കുള്ളിൽ പുറത്തിറക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. അടുത്തമാസം തന്നെ രണ്ടാമത്തെ ലിസ്റ്റും പുറത്തിറക്കുമെന്നും മന്ത്രി വയനാട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അതിനു ശേഷവും ജനങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിശോധിക്കും.

ദുരന്തത്തിൽപെട്ട ഒരാളെയും സർക്കാർ ഉപേക്ഷിക്കില്ലെന്നും അക്കാര്യത്തിൽ ആശങ്ക വേണ്ടെന്നും മന്ത്രി വ്യക്തമാക്കി.

******************************

## SEBI - FINFLUENCERS

വിദ്യാഭ്യാസ ആവശ്യങ്ങൾക്കെന്ന വ്യാജേന തത്സമയ, സമീപകാല സ്റ്റോക്ക് മാർക്കറ്റ് വിവരങ്ങൾ ഉപയോഗിക്കുന്നതിൽ നിന്ന് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ, ഫിനാൻഷ്യൽ ഇൻഫ്ലുവൻസർമാരെ വിലക്കി. ഇനിമുതൽ മൂന്നു മാസത്തിനു മുൻപുള്ള വിവരങ്ങൾ മാത്രമേ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അധ്യാപകർ ഉപയോഗിക്കാൻ പാടുള്ളൂവെന്ന് SEBI വ്യക്തമാക്കി. രജിസ്റ്റർ ചെയ്യാത്ത വ്യക്തികൾക്ക് നിക്ഷേപ ഉപദേശം നൽകാനോ, ഭാവിയിലെ സ്റ്റോക്ക് നിരക്കുകൾ പരോക്ഷമായി നിർദ്ദേശിക്കാനോ പാടില്ലെന്നും സെബി അറിയിച്ചു.

******************************

## DIGITAL PAYMENTS

രാജ്യത്തെ ഡിജിറ്റൽ പണമിടമാടുകളിൽ വർധനവുണ്ടായതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. 2024 സെപ്റ്റംവർ വരെ 11.1 ശതമാനത്തിൻറെ മുന്നേറ്റമാണ് രേഖപ്പെടുത്തിയത്. സെപ്റ്റംബറിൽ ആർബിഐയുടെ ഡിജിറ്റൽ പേയ്മെൻറ് സൂചിക നിരക്ക് 465.5 ആയി ഉയർന്നു. മാർച്ചിൽ ഇത് 455.5 ആയിരുന്നു.

*

********************

****************************************